PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1970

Wednesday, the 21st January, 1970

Vol. XXVI] OFFICIAL REPORT [No. 8

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 21st January, 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the session.)

ORAL ANSWERS

ടെക്നോ—ഇക്കണോമിക് സർവ്വെ

* 55 [222] ശ്രീ. എസ്. ദാമോദരൻ
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, ററി. കെ. രാമകൃഷ്ണൻ
,, വി. ശ്രീധരൻ
,, എം. സദാശിവൻ
,, എൻ. വാസുദേവൻപിള്ള
,, ഈ. പി. കൃഷ്ണൻനമ്പ്യാർ
,, പി. പി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം പഞ്ചവൽസരപദ്ധതിയുടെ കാലഘട്ടത്തിൽ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തെ കൊണ്ട് കേരളത്തിൽ ഒരു ടെക്നോ എക്കണോമിക് സർവ്വെ നടത്തിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വെയ്ക്കുവേണ്ടി എന്തു തുക ചെലവഴിച്ചു?

2/3007/M.C.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) നടത്തിയിരുന്നു.

(ബി) ഒരുലക്ഷത്തി അൻപത്തിയേഴായിരത്തി ഒരുന്നൂറിപതിമൂന്നു രൂപ മുപ്പത്തിയൊൻപതു പൈസ.

ശ്രീ. എസ്. ദാമോദരൻ: ഇത്രയും ഒരു സംഖ്യ ചെലവുചെയ്തു നടത്തിയ ഈ സർവ്വേകൊണ്ട് ഗവൺമെൻറ് എന്താണുദ്ദേശിക്കുന്നത്; അതുകൊണ്ടു നമ്മുടെ സംസ്ഥാനത്തു പ്രത്യേകമായി എന്തൊക്കെ നേട്ടങ്ങൾ പ്രതീക്ഷിക്കുന്നു?

ശ്രീ. പി. രവീന്ദ്രൻ: നമ്മുടെ സംസ്ഥാനത്തെ വ്യാവസായിക വികസനത്തെസംബന്ധിച്ചും കാർഷികമേഖലയിൽ ക്രോപ്പ് പ്രയോറിട്ടി കിട്ടുന്നതിനെസംബന്ധിച്ചും വിശദമായി പഠിച്ചു സമർപ്പിച്ച ഒരു സർവ്വെ റിപ്പോർട്ടാണ്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് നാലാം പഞ്ച വൽസരപദ്ധതിയിൽ കാർഷികവ്യാവസായിക മേഖലകളിലെ പ്രയോറിട്ടി നിശ്ചയിക്കുന്നതെന്നാണറിയുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ സർവ്വെ നടത്തിയത് ആരാണ്; ഈ സർവ്വെയുടെ നിഗമനങ്ങളിൽ ഏതെല്ലാം സ്വീകരിച്ചു; എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു പറയാൻകഴിയുമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ സർവ്വെ നടത്തിയത് നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച് എന്ന സ്ഥാപനമാണ്. 1960-ൽ ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ചാണ് ഈ സ്ഥാപനം ഈ സർവ്വെ നടത്തിയത്. ഈ റിപ്പോർട്ട് ഗവൺമെൻറിനു കിട്ടിയത് 1962 ലാണ്. പ്രധാനമായും ഈ സംഘടന ശുപാർശചെയ്തിരുന്നത് 1971 ആകുമ്പോഴേയ്ക്കും കേരളത്തിലെ പെർക്യാപ്പിറ്റാ ഇൻകം ആയ ഇൻഡ്യാ ലെവലിൽ ഉയർത്താൻ കഴിയത്തക്കവിധത്തിൽ നാം നടത്തേണ്ട നിക്ഷേപത്തെ സംബന്ധിച്ചാണ്. അതുപോലെതന്നെ ഇൻഡസ്ട്രിയൽ പ്രോഗ്രാം ഇൻ ദി ഫോർത്ത് പ്ലാൻ എന്ന ഒരു രേഖയും ആദ്യസർവ്വെയുടെ അടിസ്ഥാനത്തിൽ ഈ യൂണിറ്റ് തയ്യാറാക്കുകയുണ്ടായി. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് നാലാം പദ്ധതിയിൽ നമ്മുടെ പ്രയോറിട്ടി നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ റിപ്പോർട്ടിൽ നമ്മുടെ കേരളം കേന്ദ്രീകൃതവ്യവസായം പര്യാപ്തതയ്ക്കു ശ്രമിക്കരുതെന്നും ക്യാഷ് ക്രോപ്പുസിനു പ്രാധാന്യം കൊടുക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളത് ഗവൺമെൻറു സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെയൊരു ശുപാർശ ചെയ്തിരുന്നു. പക്ഷേ അതു ഗവൺമെൻറ് സ്വീകരിക്കുകയുണ്ടായില്ല. നാണ്യവിളകൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നും നമ്മുടെ കേന്ദ്രീകൃതവ്യവസായം പര്യാപ്തതയ്ക്കു ശ്രമിക്കരുതെന്നുമാണ് ഈ റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. അത് ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇങ്ങനെ ഒരു റിപ്പോർട്ട് നമ്മുടെ രാജ്യത്തിൻറെ സാമ്പത്തികവ്യവസ്ഥിതിയിൽ ആവശ്യമായ വികസനം വരുത്തുന്നതിനു സഹായകമായിരിക്കും എന്ന അടിസ്ഥാനത്തിലാണല്ലോ കമ്മിറ്റി നിയുക്തമായത്. അതേ അടിസ്ഥാനത്തിൽത്തന്നെ നിശ്ചയിച്ചിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് ബോർഡ് ഇവിടെ ഉണ്ട്. അതിലെ അനുദ്യോഗികാംഗങ്ങൾക്ക് ശമ്പളത്തിനും മറ്റുമായി ഒരുലക്ഷത്തിൽപരം രൂപ ചെലവായി എന്നാണ് പറഞ്ഞത്. ഒരു സർവ്വെ നടത്തിയ കമ്മിറ്റിക്ക് മാത്രമായി ഏതാണ്ട് ഒരുലക്ഷത്തി എൺപതിനായിരത്തിൽപ്പരം രൂപ ചെലവായി. ഈ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ ഇത്തരം സാമ്പത്തിക സർവ്വെ നടത്തുന്നതിന് നമ്മുടെ സംസ്ഥാനത്തിൽ സ്ഥിരം വിദഗ്ധൻമാർ അടങ്ങുന്ന ഒരു സ്ഥിരം ബോർഡ് നിലനിർത്തേണ്ടതു് പ്രത്യേകം ആവശ്യമാണെന്നും അങ്ങനെയായാൽ അധിക ച്ചെലവ് ഒഴിവാക്കാൻ കഴിയുമെന്നുള്ള കാര്യത്തെസംബന്ധിച്ച് ഗവൺമെൻറിന്റെ അഭിപ്രായമെന്താണ്; മുൻപുണ്ടായിരുന്ന പ്ലാനിംഗ് ബോർഡു തന്നെ ഇതുപോലെയുള്ള പ്രത്യേക കാര്യങ്ങളിൽ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു സ്ഥിരം ബോർഡ് നിലനിൽക്കേ ഇതുപോലെയുള്ള പ്രത്യേക കാര്യത്തിനു വേണ്ടിയുള്ള റിപ്പോർട്ട് തയ്യാറാക്കാൻ കമ്മിറ്റികളെ നിയോഗിക്കുന്നതുകൊണ്ടുള്ള അധികച്ചെലവു ഒഴിവാക്കാൻ സാധിക്കുമായിരുന്നില്ലേ; സ്ഥിരം ബോർഡ് നിലനിർത്തിയാൽ.

ശ്രീ. പി. രവീന്ദ്രൻ: നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തോട് ഈ സർവ്വെ നടത്താൻ ചുമതലപ്പെടുത്തിയത് 1960–ലാണ്. രണ്ടും മൂന്നും പഞ്ചവൽസര പദ്ധതികളിൽ അവരുടെ സർവ്വെ തുടർന്നു വന്നിരുന്നു. അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തെ പദ്ധതികൾ തയ്യാറാക്കാനും നമ്മുടെ സാമ്പത്തിക സംവിധാനത്തിനു രൂപം നൽകാനും കഴിയുന്നതാണ്. ഇവിടെ നിലവിലുണ്ടായിരുന്ന പ്ലാനിംഗ് ബോർഡ് പിരിച്ചു വിട്ടിട്ടില്ല. അതു പുനഃസംഘടിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. പ്രത്യേകമായി ഇതുപോലെയുള്ള സർവ്വെ ഇനി നടത്തേണ്ട ആവശ്യമുണ്ടോ എന്ന കാര്യം ഇതുവരെ തീരുമാനിച്ചിട്ടില്ല. എങ്കിലും ഈ രേഖകൾ നാലാം പഞ്ചവൽസരപദ്ധതിതയ്യാറാക്കുന്നതിനു വളരെസഹായകമായിട്ടുണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പ്ലാനിംഗ് അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിക്കുകയാണു ചെയ്തിട്ടുള്ളത്. എന്നാൽ ഇതുപോലെയുള്ള ഒരു സർവ്വെ റിപ്പോർട്ടു തയ്യാറാക്കാൻ വിദഗ്ധൻമാരടങ്ങുന്ന ഒരു സ്ഥിരം ബോർഡ് ഉണ്ടായിരുന്നാൽ സഹായകമാണ്. ഇപ്പോൾ പ്ലാനിംഗ് അഡ്വൈസറി ബോർഡ് ഏർപ്പെടുത്തിയിരിക്കുകയാണ്. അപ്പോൾ ഒരു വിദഗ്ധൻമാരടങ്ങിയ ബോർഡ് ആവശ്യമാണെന്നല്ലേ മനസ്സിലാക്കേണ്ടതു്?

ശ്രീ. പി. രവീന്ദ്രൻ: നമുക്ക് ഇത്തരം സ്ഥിതിവിവരക്കണക്കുകൾ തരാനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് എന്നൊരു സ്ഥാപനം ഇപ്പോൾത്തന്നെയുണ്ട്. പ്രത്യേകമായി വിദഗ്ധൻമാരടങ്ങുന്ന ഒരു സ്ഥിരം സ്ഥാപനം ആവശ്യമുണ്ടെന്നു ഗവൺമെൻറു കരുതുന്നില്ല.

ശ്രീ. മുസ്തഫാകെമാൽ: കേരളത്തിൽനിന്നുള്ള വിദ്യുച്ഛക്തി മദ്രാസ്സിനു വിൽക്കണമെന്നും ഒരു ശുപാർശയുണ്ടോ; ഗവൺമെൻറ് അതിനോടു യോജിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: കുറ്റിയാടി പദ്ധതി പൂർത്തിയാകുന്നതോടുകൂടി ആവശ്യത്തിലധികം വിദ്യുച്ഛക്തി ഉണ്ടാകുമെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ആവശ്യത്തിനും അതീതമായി വരുന്ന വിദ്യുച്ഛക്തി മറ്റു സംസ്ഥാനങ്ങൾക്കു വിൽക്കുക എന്നുള്ളതു് ഒരാവശ്യമായിത്തീർന്നിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. മജീദ്: പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കാൻ എന്തു മാത്രം നിക്ഷേപം വേണമെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്?

ശ്രീ. പി. രവീന്ദ്രൻ: ഈ റിപ്പോർട്ടു സമർപ്പിക്കുന്ന കൊല്ലം മുതൽ ഉള്ള പത്തു വർഷങ്ങൾക്കുള്ളിൽ ആയിരംകോടി രൂപ കേരള സംസ്ഥാനത്തിൽ ഇൻവെസ്റ്റു ചെയ്യേണ്ടിവരുമെന്നാണ് സർവ്വേ റിപ്പോർട്ടിൽ കാണുന്നത്.

ശ്രീ. പി. പി. ജോർജ്ജ്: ഈ സർവ്വെയ്ക്കു വിധേയമായ കാര്യങ്ങളെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന പ്ലാനിംഗ് ബോർഡ് വല്ല സർവ്വെയും നടത്തുകയുണ്ടായോ; വല്ല റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: പ്രത്യേകമായി പ്ലാനിംഗ് ബോർഡ് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ എന്ന് എനിക്ക് ഇപ്പോൾ പറയാൻ നിവർത്തിയില്ല. എങ്കിലും പ്ലാനിംഗ് ബോർഡ് നമ്മുടെ റിസോഴ്സസ് എങ്ങനെ വിനിയോഗിക്കണമെന്നും നമ്മുടെ സാമ്പത്തിക സംവിധാനം എന്തായിരിക്കണമെന്നും നിർദ്ദേശം വച്ചിട്ടുണ്ട്. ഇങ്ങനെ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിന് ഈ സർവ്വെ റിപ്പോർട്ടും സഹായകമായിരിക്കുമെന്നാണ് ഞാൻ കണക്കാക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: ഭക്ഷ്യോൽപ്പാദനത്തിനു കൂടുതൽ ശ്രദ്ധ പതിപ്പിക്കരുതെന്നും ക്യാഷ്ക്രോപ്സിന് പ്രധാന്യം നൽകണമെന്നും ഉള്ള ഈ വിദഗ്ധകമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്യാഷ്ക്രോപ്സ് ഉൽപ്പാദിപ്പിക്കുന്നതിനെത്തുടർന്നു ഭക്ഷ്യോൽപ്പാദനത്തിലുണ്ടാകുന്ന കുറവ് നികത്തിത്തരാൻ തയ്യാറുണ്ടോ എന്നുള്ളതിനെപ്പറ്റി ഇൻഡ്യാഗവൺമെൻറുമായി ആലോചിട്ടുണ്ടോ; ക്യാഷ്ക്രോപ്സ് ഇൻഡ്യയ്ക്ക് പൊതുവേ ഗുണകരമായതുകൊണ്ട് ഭക്ഷ്യകാര്യത്തിൽ കേന്ദ്രം പ്രത്യേകതാൽപ്പര്യം എടുക്കാൻ തയ്യാറാണെങ്കിൽ ക്യാഷ്ക്രോപ്സ് ഉൽപ്പാദിപ്പിക്കാമെന്ന കാര്യം ഗവൺമെൻറ് ഓഫ് ഇൻഡ്യയെ ധരിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ധരിപ്പിച്ചിട്ടുണ്ടോ എന്ന് എനിക്കു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കരുണാകരൻ: ഇക്കാര്യം ഇൻഡ്യാഗവൺമെൻറിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ആലോചിക്കാവുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഭക്ഷ്യസ്വയംപര്യാപ്തത കൈവരുത്തനുള്ള നടപടികളും സ്വീകരിക്കരുതെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പ്ലാനിംഗ് ബോർഡ് നാലാംപഞ്ചവൽസരപദ്ധതിയുടെ കരടു തയ്യാറാക്കിയതിൽ 1975 ആകുമ്പോഴേയ്ക്കും നമ്മുടെ ഭക്ഷ്യകമ്മി 25 ശതമാനം ആയിട്ടു കുറയുന്നതിനുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്നും അത് ഈ സർവ്വേ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള ഒരു നിലപാടാണെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടോ; ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു; എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു പ്രസ്താവിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: എല്ലാ കാര്യങ്ങളും വിശദമായി പറയാൻ നിവൃത്തിയില്ല. എങ്കിലും ഇന്നു സ്വീകരിച്ചിട്ടുള്ള പരിപാടികളനുസരിച്ച് അന്നദിവിദൂരഭാവിയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് ഗവൺമെന്റ് കരുതുന്നത്. ഇതുവരെയുള്ള കണക്കുകളെടുത്തു പരിശോധിച്ചാൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ശുഭപ്രതിവിശ്വാസമാണ് ഉള്ളത്".

ശ്രീ. ഇ. ജോൺജേക്കബ്: 1960 ലാണ് ഈ സർവ്വേ നടത്താൻ തുടങ്ങിയതെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ ഭക്ഷ്യധാന്യവിളവിനെസംബന്ധിച്ചുള്ള അന്നത്തെ ഗവൺമെന്റിന്റെ അറിവും ജ്ഞാനവും വച്ചുനോക്കുകയാണെങ്കിൽ കേരളം സ്വയം പര്യാപ്തതയിലെത്താൻ പ്രയാസമായിരുന്നു. പക്ഷേ അതു കഴിഞ്ഞിട്ടുള്ള ഡെവലപ്മെന്റ്വച്ചു നോക്കുമ്പോൾ ക്രോപ്പ് ക്രോപ്പ്സും ഫുഡ്ക്രോപ്പ്സും ഒരുപോലെ നടത്താൻ ഗവൺമെന്റിനു സാധിക്കുമെന്നു വിശ്വസിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതിനെപ്പറ്റി കൂടുതൽ അഭിപ്രായം ഇപ്പോൾ പറയാൻ എനിക്കു പ്രയാസമാണ്.

ഡാക്ടർ ജോർജ് തോമസ്: ഒരു ലക്ഷത്തിലധികം രൂപാ ചെലവ് ചെയ്ത് നടത്തിയ സർവ്വെയിൽ സ്വീകരിക്കാത്ത നിർദ്ദേശങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഗവൺമെന്റ് സ്വീകരിച്ച നിർദ്ദേശങ്ങളെപ്പറ്റി അവ ഏതെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: സർ, ഈ റിപ്പോർട്ടിലെ നിരവധി ശുപാർശകൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. നാലാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്ന സന്ദർഭത്തിലും വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന സന്ദർഭങ്ങളിലും ഈ സർവ്വെ റിപ്പോർട്ടിലുള്ള പല ശുപാർശകളും അംഗീകരിച്ചിട്ടുണ്ട്. അത് ഓരോന്നും ഇന്നത് ഇന്നതാണെന്നു പറയാൻ എളുപ്പമല്ല.

ശ്രീ. എൻ. കണപതി: *സർ, നൂറു കോടി രൂപായ് செலவாகும் என்று சொல்லப்படுகிறது. ஸ்டேட் பணமும் சென்ட்ரல் பணமும் மற்றும் யு. கெ., யு. எஸ். எஸ். ஆர்., யு. எஸ். ஏ. போன்ற நாடுகளிலிருந்து கடனுகளோ அல்லது கிராண்டாகவோ கொடுக்கப்பட்டிருக்கிறதா?*

മി. സ്പീക്കർ: സർവ്വെ നടത്തിയതാണ്. അതിൽ ഓരോന്നിനും ഇത്ര രൂപാ ഇന്ന ആളുകൾ കൊടുക്കണമെന്ന് സർവ്വെക്കാർ പറയുകയില്ല.

ശ്രീ. എൻ. കണപതി: *இடுக்கியில் ஏராளம் வெளிநாட்டுப் பணம் கொடுக்கப்பட்டிருக்கிறது. அதைக்குறித்து உத்தேசம் எவ்வளவு என்று கூற முடியுமா?*

ശ്രീ. പി. രവീന്ദ്രൻ: സർവ്വെ റിപ്പോർട്ടിൽ കാണുന്നത് ഇത്രയും തുകകൾ നമ്മൾ ഇൻവെസ്റ്റ് ചെയ്യണമെന്നാണ്. ഇത്രയും തുകകൾ നമുക്ക് എങ്ങനെ ഇൻവെസ്റ്റ് ചെയ്യാൻ കഴിയുമെന്നോ അത് എവിടെ നിന്നെല്ലാം കിട്ടുന്നതാണെന്നുള്ളതിനെ സംബന്ധിച്ചോ പരിശോധിച്ചിട്ടില്ല.

ശ്രീ. എം. കെ. എ. ഹമീദ്: കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രൈമറിയും സെക്കൻഡറിയും സെക്ടറുകളെ അപേക്ഷിച്ച് ടെർഷ്യറി സെക്ടർ (tertiary sector) അനാരോഗ്യകരമായരീതിയിൽ വളരെയധികം വളർന്നിരിക്കുന്നു എന്നാണ് കാണുന്നത്. ലോകനാഥൻ കമ്മിറ്റി റിപ്പോർട്ടിൽ ഊന്നിപ്പറഞ്ഞിട്ടുള്ള ഒരു വസ്തുതയാണ് ഇൻഡ്യയിലെ ടെർഷ്യറി സെക്ടർ കൂടുതൽ വളരുന്ന രീതിയിലാണെന്നത്. ഇതിനോട് ഗവൺമെന്റ് യോജിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഖണ്ഡിതമായി എനിക്കു പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുസ്തഫാകമാൽ: കഴിഞ്ഞ രണ്ടു വർഷക്കാലമായി സംസ്ഥാന പ്ലാനിംഗ് ബോർഡ് രണ്ടുലക്ഷത്തോളംരൂപാ ചിലവാക്കിയതായി ബഹു: മുഖ്യ മന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ സർവ്വേയ്ക്കുവേണ്ടി ഒന്നര ലക്ഷം രൂപാ ചെലവാക്കിയതു നഷ്ടമല്ലേ?

ശ്രീ. പി. രവീന്ദ്രൻ: സർ, ഇത് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ സംബന്ധിച്ചും അതിന്റെ പശ്ചാത്തലത്തിൽ നമ്മുടെ വ്യാവസായിക, കാർഷിക വ്യവസ്ഥയെ സംബന്ധിച്ചും വളരെ ശാസ്ത്രീയമായ പഠനം നടത്തി വിദഗ്ദ്ധമായി തയ്യാറാക്കിയിട്ടുള്ള ഒരു റിപ്പോർട്ടാണ്. ഇതിന് ഒരു ലക്ഷം രൂപാ ചെലവാക്കിയിട്ടുണ്ടെങ്കിൽ അത് അധികത്തുകയല്ല.

ശ്രീ. ഇ. ജോൺജേക്കബ്: വ്യാവസായിക രംഗത്ത് ഈ റിപ്പോർട്ടിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉള്ളതെന്നും അത് അംഗീകരിച്ചിട്ടുണ്ടോ എന്നുള്ളതും വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അത് ഒരു നീണ്ട പട്ടികയാണ്. ഏതേതെല്ലാം സ്വീകരിച്ചു എന്നുള്ളതിനെ സംബന്ധിച്ച് പെട്ടെന്ന് ഉത്തരം പറയാൻ പ്രയാസമാണ്.

ശ്രീ. ഇ. അഹമ്മദ്: കേരളത്തിലെ ഇരുമ്പയിര് ചൂഷണം ചെയ്ത് അതുമൂലം സമ്പദ്ഘടന വർദ്ധിപ്പിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ഈ സർവ്വെയിൽ എന്താണു പറഞ്ഞിട്ടുള്ളത് എന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ റിപ്പോർട്ട് നമ്മുടെ സഭയിലുള്ള എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുള്ളതാണ്.

കുറ്റ്യാടി ഹൈഡ്രോ–ഇലക്ട്രിക് പ്രോജക്ട്

* 56 [223] ശ്രീ. ജി. ഗോപിനാഥൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഹൈഡ്രോ–ഇലക്ട്രിക് പ്രോജക്ടിന്റെ ജോലി സ്തംഭനാവസ്ഥയിലിരിക്കുകയാണെന്നു ഗവൺമെന്റിനറിയാമോ;

(ബി) ഒരു കാൺട്രാക്ടരുടെ പ്രവർത്തനംമൂലമാണ് ആയത് സ്തംഭിച്ചിരിക്കുന്നതെന്ന് അറിയാമോ:

(സി) പൗവ്വർഹൗസ് പൂർത്തിയായിട്ടും ഡാമിന്റെ പ്രവർത്തനം ശരിയാകാത്തതുകൊണ്ട് എന്തു നഷ്ടം ഇതുവരെയായി ഉണ്ടായിട്ടുണ്ട്?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) കഴിഞ്ഞ ഒരു വർഷമായി പദ്ധതിപ്രവർത്തനങ്ങൾ അൽപം മന്ദഗതിയിൽ ആണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) അറിയാം.

(സി) ക്ലിപ്തമായി കണക്കാക്കിയിട്ടില്ല.

ശ്രീ. എൻ. ഗോപിനാഥൻ പിള്ള: എൺപതിനായിരം രൂപയുടെ ജോലികൂടി തീർന്നുകഴിഞ്ഞാൽ ഈ പ്രോജക്ടിന്റെ പ്രവർത്തനം സുഗമമാകുമെന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ കാൺട്രാക്ടരുടെ പ്രവർ

LIBRARY ARCHIVES Kerala Legislative Assembly